"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-LID&EW- ജീവനക്കാര്യം- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ സ്ഥലംമാറ്റം- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2660/2025/LSGD തീയതി,തിരുവനന്തപുരം, 04-11-2025

---

പരാമർശം:-

1. സ.ഉ(സാധാ)നം.2356/2025/തസ്വഭവ, തീയതി 26.09.2025
2. OA 1674/2025 -ൻ മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 29.09.2025 തീയതിയിലെ ഇടക്കാല വിധിന്യായം
3. OA(EKM)1511/2025-ൻ മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 06.10.2025 തീയതിയിലെ ഇടക്കാല വിധിന്യായം
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. നിഷ സുകുമാരൻ 06.10.2025 തീയതിയിൽ സമർപ്പിച്ച അപേക്ഷ
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 17.10.2025 തീയതിയിലെ LSGD/PD/31083/2025-DEA5 നമ്പർ കത്ത്
6. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ധന്യ ഭാഗ്യനാഥ് 18.10.2025 തീയതിയിൽ സമർപ്പിച്ച അപേക്ഷ
7. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 24.10.2025 തീയതിയിലെ LM4/1370/2025 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം കോഴിക്കോട് നഗരസഭയിൽ നിന്നും സ്ഥലം മാറ്റി PMGSY-PIU തിരുവനന്തപുരത്തേക്ക് നിയമിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ശ്രീമതി. നിഷ സുകുമാരൻ(പെൻ-695110) , മാള ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സ്ഥലംമാറ്റി അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലേക്ക് നിയമിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ധന്യ ഭാഗ്യനാഥ്(പെൻ -480273) എന്നിവർക്ക് പ്രസ്തുത തസ്തികകളിൽ ഇതുവരെയും ജോലിയിൽ പ്രവേശിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പരാമർശം (2),(3) എന്നിവ പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീ. സുരേഷ് കെ ജി, ശ്രീമതി. റീന ഒ.റ്റി. എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ നൽകിയ ഹർജികളിൻമേലുള്ള സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചത്.

സ്റ്റേ ഉത്തരവ് നീക്കുന്നതിനായി, മേൽ സ്ഥലംമാറ്റങ്ങൾ നടത്തുന്നതിന് നിർബന്ധിതമായ ഭരണപരമായ അനിവാര്യത ബോധ്യപ്പെടുത്തി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സർക്കാർ സ്റ്റേറ്റ്മെന്റ് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയായി സ്റ്റേ ഉത്തരവ് നീക്കം ചെയ്യപ്പെട്ട് മേൽ പരാമർശിച്ച ഉദ്യോഗസ്ഥർക്ക് ജോലിയിൽ പ്രവേശിക്കാനുള്ള സാഹചര്യം ഉണ്ടായിട്ടില്ല.

മേൽ സാഹചര്യത്തിൽ പരാമർശം(1) പ്രകാരമുള്ള ഉത്തരവിൽ താഴെ പറയുന്ന പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

1 . മാള ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പരാമർശം(1) ഉത്തരവ് പ്രകാരം സ്ഥലംമാറ്റപ്പെടുകയും മേൽ തസ്തികയിൽ നിന്നും 06.10.2025 ന് റിലീവ് ചെയ്യുകയും ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ധന്യ ഭാഗ്യനാഥിനെ(പെൻ 480273) തളിക്കുളം ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഷിധി എൻ. പി(പെൻ-442750)-യെ സ്ഥലം മാറ്റിക്കൊണ്ട് ഉണ്ടാകുന്ന ഒഴിവിലേക്ക് നിയമിക്കുന്നു.

2 . സ്ഥലംമാറ്റപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഷിധി എൻ. പി (പെൻ-442750)-യെ കോഴിക്കോട് നഗരസഭയിലെ നിലവിലുള്ള ഒഴിവിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി നിയമിക്കുന്നു.

3. പരാമർശം (1) ഉത്തരവ് പ്രകാരം സ്ഥലംമാറ്റപ്പെട്ട PMGSY-PIU തിരുവനന്തപുരത്തെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ജയലക്ഷ്മി ആർ(പെൻ-670354)-ന് പരാമർശം (2) സ്റ്റേ ഉത്തരവ് പ്രകാരം RKI PMU തിരുവനന്തപുരത്ത് ജോലിയിൽ പ്രവേശിക്കുവാൻ കഴിഞ്ഞിട്ടില്ല. മേൽസാഹചര്യത്തിൽ, PMGSY-PIU തിരുവനന്തപുരത്ത് നിന്ന്

സ്ഥലംമാറ്റപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ജയലക്ഷ്മി ആർ(പെൻ-670354)-നെ തിരുവനന്തപുരം ലൈഫ് മിഷനിൽ അനുവദിക്കപ്പെട്ട സിവിൽ എഞ്ചിനീയർ തസ്തികയിൽ നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ റിലീവാകുന്ന മുറയ്ക്ക് നിയമനം നൽകി പരാമർശം (7) -ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നു.

4 . പരാമർ ശം ( 1 ) ഉത്തരവ് പ്രകാരം PMGSY-PIU തിരുവനന്തപുരത്തേക്ക് നിയമിക്കപ്പെടുകയും 29.09.2025-ന് കോഴിക്കോട് നഗരസഭയിൽ നിന്നും വിടുതൽ ചെയ്യുകയും എന്നാൽ പ്രസ്തുത തസ്തികയിൽ ഇതുവരെയും ജോലിയിൽ പ്രവേശിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതുമായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. നിഷ സുകുമാരനെ (പെൻ-695110) , ശ്രീമതി.ജയലക്ഷ്മി ആർ(പെൻ-670354)-നെ സ്ഥലം മാറ്റിയ ഒഴിവിൽ PMGSY-PIU തിരുവനന്തപുരത്ത് തന്നെ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

മേൽ ഭേദഗതിയോടെ പരാമർശം (1)-ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ ,തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ),തിരുവനന്തപുരം
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ തിരുവനന്തപുരം
5. ബന്ധപ്പെട്ട ജീവനക്കാർക്ക്(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
6. തദ്ദേശ സ്വയംഭരണ (ഡി. ഇ) വകുപ്പ്
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
8. വെബ് & ന്യൂ മീഡിയ , വിവര പൊതുജന സമ്പർക്ക വകുപ്പ്
9. കരുതൽ ഫയൽ /ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 04-11-2025 16:59:57

സെക്ഷൻ ഓഫീസർ